18. കക്കയം - പെരുവണ്ണാമൂഴി ടൂറിസം പദ്ധതി

ശ്രീ. പുരുഷൻ കടലുണ്ടി: സർ, വിദേശികളായ ധാരാളം ടൂറിസ്റ്റുകൾ വരുന്ന ഒരു ടൂറിസ്റ്റ് കേന്ദ്രമാണ് കക്കയം. കേരളത്തിലെ ഏറ്റവും മനോഹരമായ എക്കോ ടൂറിസ്റ്റ് കേന്ദ്രം. ബാലുശ്ശേരി - പേരാമ്പ്ര മണ്ഡലത്തിലെ കക്കയം - പെരുവണ്ണാമൂഴി ടൂറിസം പദ്ധതി മുൻ ടൂറിസം വകുപ്പുമന്ത്രി ശ്രീ. കോടിയേരി ബാലകൃഷ്ണൻ കേന്ദ്രത്തിൽ സമർപ്പിച്ചതിന്റെ ഫലമായി ഉണ്ടായതാണ്, അഞ്ച് കോടി രൂപ കേന്ദ്ര സർക്കാർ അനുവദിക്കുകയും ചെയ്തു. ഇപ്പോഴത്തെ ടൂറിസം വകുപ്പുമന്ത്രി ശ്രീ. എ. പി. അനിൽകുമാർ താൽപ്പര്യമെടുത്ത് കക്കയം സന്ദർശനം നടത്തുകയും സെമിനാർ സംഘടിപ്പിക്കുകയും പദ്ധതി യാഥാർത്ഥ്യമാക്കുകയും ചെയ്തു. രണ്ട് വർഷം മുമ്പ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ടൂറിസം പദ്ധതിക്ക് തറക്കല്ലിട്ടു. വർഷങ്ങളായിട്ടും പണി നടന്നില്ല. വലിയ അനാസ്ഥയാണ് ഉണ്ടായത്. ഇംപ്ലിമെന്റേഷൻ സമയത്തുതന്നെ മുതിയടയുന്ന സ്ഥിതിയാണ് അവിടെ ഉണ്ടായിട്ടുള്ളത്. ഇതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ടൂറിസം വകുപ്പുമന്ത്രി കഴിഞ്ഞ മാസം ഒരു യോഗം വിളിച്ചിരുന്നു. അന്ന് പറഞ്ഞത്, പണം ലാപ്സായിപ്പോയെങ്കിലും സംസ്ഥാന സർക്കാർ ഏറ്റെടുത്ത് പദ്ധതി പൂർത്തീകരിക്കും എന്നാണ്. അതിനോട് ബന്ധപ്പെട്ട എന്തൊക്കെ കാര്യങ്ങൾ നടത്തിയെന്ന് എനിക്കറിയില്ല. പക്ഷെ കേരള ടൂറിസം വകുപ്പ് അത് ഏറ്റെടുത്ത് നടത്തുമെന്ന് പറഞ്ഞിരുന്ന സ്ഥിതിക്ക് എന്താണ് ഈ സ്വപ്ന പദ്ധതിയുടെ ഇപ്പോഴത്തെ സ്ഥിതി? എന്തെല്ലാം നടപടികളാണ് കക്കയം ടൂറിസം പദ്ധതി യാഥാർത്ഥ്യമാക്കാൻ സർക്കാർ സ്വീകരിച്ചിട്ടുള്ളത്? ജനങ്ങൾ ആകാംക്ഷയോടെ കാത്തിരിക്കുകയാണ്.

പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽ കുമാർ): സർ, ബാലുശ്ശേരി നിയോജകമണ്ഡലത്തിലെ പെരുവണ്ണാമൂഴി-കക്കയം ടൂറിസം വികസന പദ്ധതിക്കായി അഞ്ച് കോടി രൂപയുടെ അംഗീകാരം കേന്ദ്ര ഗവൺമെന്റ് നൽകുകയും നാല് കോടി രൂപ അനുവദിച്ചു നൽകുകയും ചെയ്തിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പദ്ധതിക്ക് സംസ്ഥാന സർക്കാർ ഭരണാനുമതി നൽകുകയും നിർവ്വഹണ ഏജൻസിയായി ഇറിഗേഷൻ വകുപ്പിനെ ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു. എന്നാൽ ഭരണപരവും സാങ്കേതികമായ വിവിധ കാരണങ്ങളാൽ പദ്ധതി സമയബന്ധിതമായി നടപ്പിലാക്കാൻ ഇറിഗേഷൻ വകുപ്പിന് കഴിയാതെ വന്ന സാഹചര്യത്തിൽ കേന്ദ്ര ടൂറിസം വകുപ്പിന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ അനുവദിച്ച നാല് കോടി രൂപയും തിരിച്ചടക്കേണ്ടതായി വരികയുണ്ടായി. പെരുവണ്ണാമൂഴി - കക്കയം ടൂറിസം വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്ന

LIBRARY ARCHIVES Kerala Legislative Assembly

ചില ഘടകങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചുകൊണ്ടും പദ്ധതി പൂർത്തിയാക്കേണ്ടതിന്റെ ആവശ്യകത ബോദ്ധ്യപ്പെട്ടതിനാലും പെരുവണ്ണാമൂഴി - കക്കയം ടൂറിസം വികസന പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനായി 1,90,00,000 രൂപയുടെ പദ്ധതിക്ക് സംസ്ഥാന സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതി 18 മാസത്തിനകം പൂർത്തീകരിക്കുവാൻ ഇറിഗേഷൻ വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്. നിശ്ചിത സമയ പരിധിക്കുള്ളിൽ പൂർത്തീകരിക്കുന്നതോടൊപ്പം രണ്ടാം ഘട്ടത്തിന് ആവശ്യമായ തുക കൂടി ഗവൺമെന്റ് അനുവദിക്കുന്നതാണ്. എത്രയും പെട്ടെന്ന് ഈ പദ്ധതി പൂർത്തീകരിക്കുവാനുള്ള നടപടി ഗവൺമെന്റ് സ്വീകരിച്ചുവരുകയാണ്. പ്രവർത്തികൾ ഇതിനകം തുടങ്ങിക്കഴിഞ്ഞിട്ടുണ്ട്.

19. പി.ഡബ്ല്യു.ഡി. എ.എക്സ്.ഇ.യുടെ ഓഫീസ് മാറ്റാനുള്ള നീക്കം

<u>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ:</u> സർ, വളരെ വർഷങ്ങളായി കൊച്ചി നഗരത്തിന്റെ പടിഞ്ഞാറൻ ഭാഗത്ത് ഫോർട്ടുകൊച്ചിയിൽ പ്രവർത്തിക്കുന്ന ഒരു സർക്കാർ ഓഫീസാണ് പി.ഡബ്ല്യു.ഡി.-യുടെ സ്പെഷ്യൽ ബിൽഡിംഗ് എ.എക്സ്.ഇ.-യുടെ ഓഫീസ്. അതിപ്പോൾ കളമശ്ശേരി മെഡിക്കൽ കോളേജുമായി ബന്ധപ്പെട്ട് അങ്ങോട്ട് മാറ്റാനുള്ള തീരുമാനം വരാൻ പോകുന്നുവെന്ന കേട്ട് അങ്ങയുടെ പഴയ മണ്ഡലത്തിൽപ്പെട്ടതാണ് ആ സ്ഥാപനം. പശ്ചിമ കൊച്ചിയിലുള്ള ഒരേ ഒരു പി.ഡബ്ല്യു.ഡി. ഓഫീസ് അത് മാത്രമാണ്. അത് അവിടെ നിലനിർത്തണമെന്ന് ആവശ്യപ്പെടുകയാണ്.

പൊതുമരാമത്ത് വകുപ്പുമന്ത്രി <u>(ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്):</u> സർ, 17-12-2013-ൽ ആണ് കൊച്ചി സഹകരണ മെഡിക്കൽ കോളേജ് സർക്കാർ ഏറ്റെടുത്ത് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ നിയന്ത്രണത്തിൽ കൊണ്ടുവന്നത്. എല്ലാ മെഡിക്കൽ കോളേജുകൾക്കും സംസ്ഥാനത്ത് സബ്-ഡിവിഷനും സെക്ഷനുമുണ്ട്. ഈ കോളേജിനും അത് വേണമെന്ന് നിർബന്ധമാണ്. പക്ഷെ ഇപ്പോഴത്തെ സാമ്പത്തിക ബുദ്ധിമുട്ട് കണക്കിലെടുക്കുമ്പോൾ പുതിയൊരു സെക്ഷനും സബ്-ഡിവിഷനും അനുവദിക്കാൻ പ്രയാസമുണ്ട്. പക്ഷെ അന്തിമ തീരുമാനം എടുത്തിട്ടില്ല. അങ്ങയോടുംകൂടി ആലോചിച്ചു മാത്രമേ ഇക്കാര്യത്തിൽ ഒരു തീരുമാനം എടുക്കുകയുള്ളൂ. അവിടെ നിന്ന് സബ്-ഡിവിഷൻ എടുത്താലും മട്ടാഞ്ചേരിയിൽ സെക്ഷൻ അവിടെത്തന്നെ നിലനിർത്തും. അതോടൊപ്പംതന്നെ വേറൊരു സെക്ഷൻ ഓഫീസ് എറണാകുളത്തുനിന്നുമാണ് എടുക്കാൻ ഉദ്ദേശിച്ചത്. ഇത് ആലോചിച്ച് തീരുമാനിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly